**പതിനഞ്ചാം കേരള നിയമസഭ**
**മൂന്നാം സമ്മേളനം**
**ബഹു സ്പീക്കറുടെ റൂളിംഗ്**
**12-10-2021**

**(11) വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം**

**2021 ഒക്ടോബർ 12-ാം തീയതി നിയമനിർമ്മാണകാര്യം പരിഗണിക്കുന്നതിന് മുമ്പായി, പൊതുസമൂഹത്തിന് പ്രാപ്യമല്ലാതിരുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ട 2005-ലെ വിവരാവകാശ നിയമം സെക്ഷൻ 25 (1) പ്രകാരം ഓരോവർഷവും വിവരാവകാശ കമ്മീഷൻ സർക്കാരിലേയ്ക്ക് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കണമെന്നാണ് വ്യവസ്ഥയെന്നും എന്നാൽ 2014-15, 2015-16 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ മാത്രമാണ് നിലവിൽ സഭ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ളതെന്നും നിയമസഭയുടെയും ജനങ്ങളുടെയും അവകാശം ഹനിക്കുന്ന സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിനാവശ്യമായ റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.**

വിവരാവകാശ നിയമം ബാധകമായ വകുപ്പുകൾ/സ്ഥാപനങ്ങളിൽനിന്ന് റിപ്പോർട്ട് തയ്യാറാക്കാനാവശ്യമായ വിവരം യഥാസമയം കമ്മീഷന് ലഭ്യമാക്കിയിട്ടില്ലെന്നും കോവിഡ് വ്യാപനംമൂലം വിവിധ സർക്കാർ കാര്യാലയങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതിരുന്നത് കാലതാമസത്തിന് ഇടയാക്കിയിട്ടുണ്ടെന്നും 2017-18-ലെ വാർഷിക റിപ്പോർട്ട് 18-10-2021-ന് നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2018-19-ലെ വാർഷിക റിപ്പോർട്ടിന്റെ അച്ചടി ജോലികൾ പുരോഗമിച്ചുവരികയാണെന്നും ഭാവിയിൽ ഓരോ വർഷത്തെയും വാർഷിക റിപ്പോർട്ട് തൊട്ടടുത്ത വർഷംതന്നെ സമർപ്പിക്കണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മുഖ്യമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ഈൗ വിഷയം സംബന്ധിച്ച് 25-10-2021-ന് ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി .

"2005-ലെ വിവരാവകാശ നിയമപ്രകാരം പൊതു അധികാരികളിൽനിന്നും വിശദാംശങ്ങൾ സമയബന്ധിതമായി ശേഖരിച്ച് കുടിശ്ശികയായ റിപ്പോർട്ടുകൾ കഴിയുന്നതുംവേഗം സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ പ്രത്യേകിച്ചും സമാന റിപ്പോർട്ടുകളുടെ കാര്യത്തിൽ പൊതുവെയും അവ യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതിൽ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി നിരീക്ഷണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുമാണ്.